ശുദ്ധജലവിതരണം.

*822. [92] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജലക്ഷാമം ഉള്ള സ്ഥലങ്ങളിൽ കഴിയുന്നതും വേഗം ശുദ്ധജലം വിഷമംകൂടാതെ ലഭിക്കുവാൻ വേണ്ട സത്വരനടപടികൾ എടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പൊൻകുന്നം എന്ന സ്ഥലത്ത് വേനൽക്കാലത്ത് കുടിക്കുവാൻപോലും വെള്ളം കിട്ടുവാനില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തു ;

(ഡി) ഇനിയും കാലവിളംബം കൂടാതെ പൊൻകുന്നത്തു വാട്ടർ സപ്ലൈ ചെയ്യുവാനുള്ള സത്വരനടപടി ഗവണ്മെൻറിൽനിന്നും സ്വീകരിക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പൊൻകുന്നത്തെ ഒരു കുളം ഒരു ഉറവകുഴിയായി മാറ്റാൻ ആവശ്യമുള്ള സ്ഥലം വിലകൂടാതെ കിട്ടുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതിനു പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനെ ചുമതലപ്പെടുത്തിയിരിക്കയാണു്.

(ഡി) സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കയാണു്.

STARRED QUESTIONS POSTED FOR ANSWER ON 10-10-1955

ഡവലപ്പുമെൻറ പദ്ധതി.

*823. [35] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡവലപ്പുമെൻറ പദ്ധതിക്ക് എത്ര സംഖ്യ കഴിഞ്ഞ കൊല്ലം വകകൊള്ളിച്ചിരുന്നു ; എത്ര സംഖ്യ ചെലവുചെയ്തു ;

(ബി) ഈ വർഷത്തിലേയ്ക്ക് എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടു് ;

(സി) ഇതു് ലാപ്സാകാതെ കഴിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 628·64 ലക്ഷം രൂപ.
4,33,40,096 രൂപ.

(ബി) 1022·2 ലക്ഷം രൂപ.

(സി) പദ്ധതിയുടെ പുരോഗതിയിൽ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്കുള്ള ചുമതലകളെപ്പറ്റി അവരെ വിശദമായി അറിയിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും, മരാമത്ത്, എലക്ട്രിസിറ്റി എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാക്ക് തങ്ങളുടെ പദ്ധതികൾ നടപ്പിൽവരുത്തുന്നതിന കാലതാമസം നേരിടാതിരിക്കത്തക്കവണ്ണം അവർക്ക് വിപുലങ്ങളായ അധികാരങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു.

പ്രൈവറ്റ് മോട്ടാർ ട്രാൻസ്പോർട്ട്.

*824. [44] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റുമോട്ടാർ സർവ്വീസിൽ നിന്നും ഗവണ്മെൻറിന എന്തൊക്കെയായം ലഭിക്കുന്നു ;

(ബി) പ്രൈവറ്റ മോട്ടാർ തൊഴിലാളികളുടെ കുറഞ്ഞകൂലി ക്രമപ്പെടുത്തിയതോടുകൂടി പല തൊഴിലാളികളേയും പിരിച്ചുവിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) പിരിച്ചുവിടൽ തടയുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ആണ്ടിൽ ഏകദേശം അൻപത്തിമൂന്നു ലക്ഷം രൂപ്പിക. (53 ലക്ഷം)

(ബി) ഉണ്ട്.

(സി) ഉണ്ട്.

ഫിഷ് കൂറിംഗ് യാർഡുകൾ.

*825. [57] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഫിഷ് കൂറിംഗ് യാർഡുകൾ എത്രയുണ്ട് ;

(ബി) അവയിൽ ഓരോന്നിലും എത്ര ഉദ്യോഗസ്ഥന്മാർ വീതമുണ്ട് ;

(സി) പ്രവർത്തനരഹിതമായി കിടക്കുന്നതിനെ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പ്രവർത്തനരഹിതമായി കിടക്കുന്ന ഫിഷ് കൂറിംഗ് യാർഡുകൾ ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ബോട്ടസർവ്വീസ് കൂലി.

*826. [59] ശ്രീ. സി. കൊച്ചുകുഞ്ഞു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ടസർവ്വീസുകാർ എന്നമുതലാണ് കൂലി കൂട്ടിയത് ;

(ബി) ബോട്ടസർവ്വീസുകാർ കൂലികൂട്ടിയതിനെ സംബന്ധിച്ച് വല്ല പരാതിയും ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly